# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.109 — 11.07.2016-ൽ മറുപടിക്ക്

## മത്സ്യലഭ്യത കുറയുന്നത് സംബന്ധിച്ച പഠന റിപ്പോർട്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. സി.കെ.ആശ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ഇ.റ്റി.ടൈസൺ മാസ്റ്റർ<br>ശ്രീ.എൽദോ എബ്രഹാം | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കേരള തീരത്ത് മത്സ്യലഭ്യത കുറഞ്ഞു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2014 നെ അപേക്ഷിച്ച് 2015-ൽ ഉണ്ടായ കുറവെത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. CMFRI യുടെ കണക്കനുസരിച്ച് 2012 ന ശേഷം കേരള തീരത്ത് മത്സ്യലഭ്യതയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. 2014 ൽ 5.76 ലക്ഷം ടൺ ആയിരുന്ന മത്സ്യലഭ്യത 2015 ആയപ്പോൾ 4.82 ലക്ഷം ടൺ ആയി കുറയുകയുണ്ടായി. അതായത് 2014 നെ അപേക്ഷിച്ച് 2015 -ൽ മത്സ്യലഭ്യതയിൽ 0.94 ലക്ഷം ടൺ കുറവുണ്ടായിട്ടുണ്ട്. |
| (ബി) | മത്സ്യസമ്പത്ത് കുറയുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച എത്ര പഠന റിപ്പോർട്ടുകൾ ഗവൺമെന്റിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | മത്സ്യ സമ്പത്ത് കുറയുന്നത് എന്തെല്ലാം കാരണങ്ങളാലാണെന്നതു സംബന്ധിച്ച് ഫിഷറീസ് വകുപ്പ് നേരിട്ട് പഠനം നടത്തിയിട്ടില്ല. എന്നാൽ CMFRI പഠനം നടത്തിയിട്ടുണ്ട്. CMFRI യുടെ അഭിപ്രായം അനുസരിച്ച് കാലാവസ്ഥാവ്യതിയാനംമൂലവും ചെറുമത്സ്യങ്ങളുടെ അമിതമായ ചൂഷണംമൂലവും നെയ്യത്തി/ചാള (oil sardine) മത്സ്യത്തിന്റെ ലഭ്യതയുടെ ഗണ്യമായ കുറവുമാണ് മത്സ്യ സമ്പത്ത് കുറയുന്നതിനുള്ള കാരണമായി വിശകലനം ചെയ്യുന്നത്. ശാസ്ത്രീയ പഠന റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പഠന റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) | അനധികൃത മത്സ്യബന്ധനം തടയുന്നതിനും അതിലൂടെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം കടൽ പട്രോളിംഗ് നടത്തി കെ.എം.എഫ് ആർ ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചുവരികയാണ്. വളം നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുംവേണ്ടി 14 ഇനം മത്സ്യങ്ങളുടെ ചെറു മത്സ്യങ്ങളെ പിടിക്കുന്നത് 5 വർഷത്തേക്ക് |

| | | | |
|---|---|---|---|
| | | | നിരോധിച്ചുകൊണ്ട് 1980 ലെ കെ.എം.എഫ് ആർ ആക്ട് സെക്ഷൻ (4) പ്രകാരം എസ്.ആർ.ഒ 477/2015 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 7.7.2016 ന് കൊച്ചിയിൽ വച്ച് മത്സ്യശാസ്ത്ര രംഗത്തെ പ്രധാന കേന്ദ്രഗവേഷണ സ്ഥാപനങ്ങളുമായി നടത്തിയ ചർച്ചയിൽ മുൻപു സൂചിപ്പിച്ച കാരണങ്ങൾ കൂടാതെ കണ്ണി വലിപ്പം കുറഞ്ഞ വലകൾ ഉപയോഗിച്ച് നടത്തുന്ന മത്സ്യ ബന്ധനത്തിനും പങ്കുണ്ടെന്ന് വ്യക്തമായി. മത്സ്യവിഭവ സംരക്ഷണം നേരിടുന്ന പുതിയ വെല്ലുവിളികൾ കണക്കിലെടുത്ത് 1980 ലെ കെ.എം.എഫ് ആർ ആക്ട് സമഗ്രമായി പരിഷ്കരിക്കേണ്ടതുണ്ടെന്നും പ്രസ്തുത ചർച്ചയിൽ ഉയർന്നു വന്നു. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ കെ.എം.എഫ്. ആർ ആക്ട് സമഗ്രമായി ഭേദഗതി ചെയ്യുന്നതിനെക്കുറിച്ചാലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ